# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 457 – 05/06/2018 -ലെ മറുപടിക്ക്

### നികുതി - നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി

ചോദ്യം | ഉത്തരം

ശ്രീ.പി. ഉണ്ണി

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ നികുതി- നികുതിയേതര വരുമാനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ; | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് ലഭിച്ച നികുതി - നികുതിയേതര വരുമാനം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

(തുക കോടിയിൽ)

| ക്രമ നം. | ഇനം | ലഭിച്ച വരുമാനം |
|---|---|---|
| 1 | സംസ്ഥാന തനത് നികുതി വരുമാനം | 48399.51 |
| 2 | സംസ്ഥാന നികുതിയേതര വരുമാനം | 11179.5 |
| 3 | കേന്ദ്ര നികുതി വിഹിതം | 14893.21 |
| 4 | ഗ്രാന്റ് ഇൻ-എയ്ഡ് | 8454.96 |
| | റവന്യൂ വരുമാനം (1+2+3+4) | 82927.18 |

| | | |
|---|---|---|
| ബി | 2018-2019 സാമ്പത്തിക വർഷത്തിൽ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | സർക്കാരിന്റെ റവന്യൂ വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടു വരികയാണ്. എക്സൈസ്, രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി, മോട്ടോർ വാഹന നികുതി തുടങ്ങിയ ഇനങ്ങളിൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിനായി വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജന പ്പെടുത്തുകയും ഇന്റലിജൻസ് സ്ക്വാഡുകളെ പുനഃസംഘടിപ്പിക്കുകയും ചെയ്യുന്നതാണ്. നികുതി കുടിശ്ശിക അസസ്മെന്റ് കാര്യക്ഷമമാക്കുകയും റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുകയും നികുതി ചോർച്ച തടയുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യും. മോട്ടോർ വാഹന നികുതി ഇനത്തിൽ വർദ്ധനവ് ലഭിക്കുന്ന രീതിയിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്നതാണ്. ഭൂമിയുടെ ന്യായവിലയിൽ 10 % വർദ്ധനവ് വരുത്തിയിട്ടുണ്ട്, സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില യുക്തിസഹമായി പുനർനിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കു ന്നതാണ്. അബ്കാരി നിയമപ്രകാരമുള്ള ഫീസുകൾ നേരിയ തോതിൽ വർദ്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.<br>ജി.എസ്.ടി -യുടെ ഭാഗമായി ഇ-വേ ബിൽ സമ്പ്രദായം ആവിഷ്കരിച്ചിട്ടുണ്ട്. ഇത് ഫലപ്രദമായി നടപ്പാക്കുന്നതു വഴി ജി.എസ്.ടി -യിൽ നിന്നുള്ള വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സർക്കാർ വകുപ്പുകൾ പൊതുമേഖല/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള എല്ലാ സേവനങ്ങൾക്കുമുള്ള ഫീസുകൾ/ചാർജ്ജുകൾ എന്നിവ 5 % വർദ്ധിപ്പിച്ചിട്ടുണ്ട്.<br>നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാരിലേക്കുള്ള പണമൊടുക്കലും സർക്കാരിൽ നിന്നുള്ള പണ വിതരണവും ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം നടപ്പിലാക്കി ക്കഴിഞ്ഞു. ധനകാര്യ വകുപ്പ്, മറ്റു വകുപ്പുകൾ, ബഡ്ജറ്റ്, ഭാരതീയ റിസർവ്വ് |

| | | |
|---|---|---|
| | | ബാങ്ക്, അക്കൗണ്ടന്റ് ജനറൽ, വിവിധ ബാങ്കുകൾ, വിവിധ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിങ്ങ് ഓഫീസർമാർ, തുടങ്ങിയ എല്ലാവരെയും ഒരു കുടക്കീഴിൽ സംയോജിപ്പിച്ച് ഇടപാടുകൾ പരസ്പരം ഓൺലൈനായി നടത്തുന്നതിനായി ഒരു ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്.<br>ഇത്തരത്തിൽ നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും അധിക വിഭവ സമാഹരണത്തിലൂടെയും കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും റവന്യൂ കമ്മി കുറച്ചുകൊണ്ടു വരുന്നതിനും ധനകമ്മി അനുവദനീയമായ മൂന്നു ശതമാനത്തിനുള്ളിൽ പരിമിതപ്പെടുത്തുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. |
| സി | സംസ്ഥാനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | 2018 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തെ അന്തിമ കണക്ക് അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായിട്ടില്ല. 2016-17 -ലെ യഥാർത്ഥ കണക്കും 2017-18 ലെ Revised Estimate (RE) -യും അടിസ്ഥാനമാക്കിയുള്ള, സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വിശകലനം ചെയ്യുന്നതിനുള്ള പ്രധാന ധനസൂചകങ്ങൾ അനുസരിച്ച്, 2018 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ പൊതു സാമ്പത്തിക സ്ഥിതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്. |

| ഇനം | 2016-17 | 2017-18 RE |
|---|---|---|
| Gross Fiscal Deficit as % of GSDP | 4.28% | 3.31% |
| Revenue deficit as % of GSDP | 2.51% | 1.91% |
| Primary Deficit as % of GSDP | 2.32% | 1.35% |
| Total Debt Stock as % of GSDP | 30.22% | 30.71% |
| Interest payment as % of Revenue receipts | 16.02% | 15.32% |

| | | |
|---|---|---|
| ഡി | സംസ്ഥാനത്ത് ഏതെങ്കിലും തരത്തിലുള്ള ചെലവുകൾക്ക് നിയന്ത്രണം ഏർപ്പെട്ടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യ മാക്കാമോ? | വരവിന്റെയും ചെലവിന്റെയും വളർച്ചാ നിരക്കിലുള്ള അന്തരം വർദ്ധിച്ചുവരുന്ന പ്രവണത കഴിഞ്ഞ കുറച്ച് വർഷങ്ങളായി സംസ്ഥാനത്ത് നിലനിൽക്കു ന്നുണ്ട്. വരവിലും ചെലവിലും വരുന്ന ഈ അന്തരം വാർഷിക പദ്ധതിയ്ക്ക് ആവശ്യമായ പണം ലഭ്യമാക്കുന്നതിൽ വിഘാതമായി തീർന്നിട്ടു ണ്ട്. ധനക്കമ്മിയും റവന്യൂ കമ്മിയും അനുവദനീയമായ പരിധിയിൽ നിലനിർത്തു വാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ആകെ ചെലവുകൾ അനുവദനീമായ വായ്പ ഉൾപ്പെടെയുള്ള വരുമാനത്തിനകത്ത് നിർത്തുന്നതിന് കർശനമായ സാമ്പത്തിക അച്ചടക്കം അനിവാര്യമാണ്. നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിച്ചു കൊണ്ടും ധൂർത്തും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പുലർത്തിയുമുള്ള നടപടികളിലൂടെ സാമ്പത്തിക അച്ചടക്കം ഉറപ്പു വരുത്തുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി വർക്ക്സ്റ്റഡി നടത്തിയതിനു ശേഷവും പുനർ വിന്യാസ ത്തിനുള്ള സാധ്യതകൾ കൂടി പരിശോധിച്ച ശേഷവുമായിരിക്കും തസ്തികകൾ അനുവദിക്കുക. അതേസമയം സാമൂഹ്യ ക്ഷേമ ചെലവുകൾക്കോ വികസന ചെലവുകൾക്കോ നിയന്ത്രണം ഏർപ്പെട്ടുത്തി യിട്ടില്ല. കഴിഞ്ഞ രണ്ട് വർഷക്കാലം കൊണ്ട് 12685 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കർശനമായ പരിശോധനയ്ക്കു ശേഷമേ ഗ്രാൻഡ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനു വദിക്കുകയുള്ളൂ. പുതിയ വാഹനം വാങ്ങുന്ന തിനും വിദേശയാത്രകൾക്കും നിയന്ത്രണം ഏർപ്പെട്ടുത്തിയും ചെലവ് പരമാവധി കുറയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ